**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 740** **14-01-2021 - ൽ മറുപടിയ്ക്ക്**

**മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം. രാജഗോപാലൻ** | | **Shri A. K. Balan<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്കായി എത്ര മോഡൽ റസിഡൻഷ്യൽ/ ആശ്രമം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെൻറ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെ 9 എം.ആർ.എസുകൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര എം.ആർ.എസ് കൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, മരുതോങ്കരയിൽ പെൺകുട്ടികൾക്കായി ഒരു പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിലെ പെരിങ്ങോമിൽ ആൺകുട്ടികൾക്കായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം പണി പൂർത്തിയായിക്കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കൽ, കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ, എന്നിവിടങ്ങളിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് കിഫ്ബിയുടെ ധനസഹായത്തോടെയുള്ള കെട്ടിട നിർമ്മാണ പ്രവർത്തികൾ പ്രാരംഭഘട്ടത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ കാസർകോട് ജില്ലയിലെ കൊഗറ വിഭാഗക്കാർക്കായി ആശ്രമ സ്കൂൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ